Reg. No. : ..............................

Name : ..................................

M 6625

DON BOSCO ARTS AND SCIENCE COLLEGE
LIBRARY
ANGADIKADAVU

# First Semester B.Com./B.B.A./B.B.M./B.B.A.T.T.M. Degree Examination, November 2009

## MALAYALAM (Common)

## Course – 1 (IA 07 I MAL) മലയാള സാഹിത്യഗണങ്ങൾ

Time : 3 Hours Total Weightage : 30

I. താഴെ കൊടുത്തിരിക്കുന്ന **അഞ്ചു** വിഭാഗം ചോദ്യങ്ങളിൽ **നാലു** വിഭാഗത്തിന് ഉത്തരമെഴുതുക. **ഓരോ** വിഭാഗത്തിന്റെയും മൂല്യം 1: **(1×4=4 വെയിറ്റേജ്)**

1) ''നൂറ്റാണ്ടുകളുടെ ചരിത്രം നടന്നു നീങ്ങിയത് ഈ പാതയിലൂടെയാണ് ''

a) പാത ഏത് ?

b) ആരോടാണ് ഇതു പറയുന്നത് ?

c) ഏതു കൃതിയിൽ നിന്നും എടുത്ത വാചകമാണിത് ?

d) ഈ കൃതിയുടെ പ്രതിപാദ്യ വിഷയം എന്ത് ?

2) ''നരനിൽ നിന്നു നായിലേക്കുള്ള ദൂരം
നുണയിൽ നിന്നു നേരിലേക്കുള്ളതത്രേ!''

a) ഈ വരികൾ ഏതു കവിതയിൽ നിന്നാണ് ?

b) നായ എന്തിന്റെ പ്രതീകമാണ് ?

c) ഈ കവിതയുൾക്കൊള്ളുന്ന സമാഹാരത്തിന്റെ പേരെന്ത് ?

d) പ്രസ്തുത കവിത എഴുതിയത് ആര് ?

3) ''അദ്ധ്വാനം കൂടുതൽ പ്രതിഫലം കുറവും. എനിക്കറിയാം അധികകാലം കൊണ്ടു നടക്കാൻ പറ്റില്ല ആ പണി''

a) ഇങ്ങനെ പറയുന്നത് ആര് ?

b) ആരോടാണു പറയുന്നത് ?

c) എന്തായിരുന്നു പണി ?

d) ഏതു പുസ്തകത്തിൽ നിന്നും എടുത്ത വാക്കുകളാണിത് ?

P.T.O.

4) **തെറ്റു** തിരുത്തുക :

a) മണിക്കൂറിൽ നാല്പതു കിലോമീറ്റർ വേഗതയുള്ള വാഹനം.

b) പണ്ടുകാലത്ത് മനുഷ്യർക്ക് ഭാഷ ഉണ്ടായിരുന്നില്ല.

c) ഓരോ കുട്ടികളും ഹാജർ രേഖപ്പെടുത്തി.

d) ആ റോഡിന്റെ തെക്കു വശത്തായി ഒരു ബംഗ്ലാവുണ്ട്.

5) '' ഈ പൊതുമുതല് കേടുവരുത്താണ്ട് ഞാൻ കൊണ്ടുപൊയ്ക്കോളാം''

a) ആരുടെ വാക്കുകളാണിത് ?

b) ആരാണ് പൊതുമുതൽ ?

c) എന്തുകൊണ്ട് ഇങ്ങനെ പറയുന്നു ?

d) കൃതി ഏത് ?

II. ഓരോന്നിനും **എഴുപത്തിയഞ്ച്** വാക്കിൽ കവിയാതെ **നാലെണ്ണത്തിന്** ഉത്തരമെഴുതുക : **(1×4=4 വെയിറ്റേജ്)**

6) 'സിനിമയെക്കുറിച്ചുള്ള മാമുക്കോയയുടെ നിരീക്ഷണങ്ങൾ വിവരിക്കുക.

7) ഭാഷാ ഭേദങ്ങളെക്കുറിച്ച് വിശദീകരിക്കുക.

8) വേദനകളിൽ നിന്നും മോചനമില്ലാത്ത സമകാല മനുഷ്യാവസ്ഥയുടെ തീക്ഷ്ണത 'ഹൃദയ ശസ്ത്രക്രിയ' എന്ന കവിതയിൽ ആവിഷ്കരിക്കുന്നതെങ്ങനെ ?

9) ബഹദൂർഷാ സഫർമാർഗ് എന്ന 'പാത' നാടകത്തിലെ സവിശേഷ കഥാപാത്രമാകുന്നു – വിലയിരുത്തുക.

10) ''ഒന്നുകിൽ എന്നെ ഈ നരകത്തീന്ന് രക്ഷിക്കൂ അല്ലെങ്കിലെന്നെ കൊന്നുതാ'' – ദേവു ഇങ്ങനെ പറയാനുണ്ടായ സാഹചര്യം വിശദീകരിക്കുക.

III. ഓരോന്നിനും **നൂറ്റിയമ്പത്** വാക്കിൽ കവിയാതെ **അഞ്ചെണ്ണത്തിന്** ഉത്തരമെഴുതുക : **(2×5=10 വെയിറ്റേജ്)**

11) ''ഇപ്പോഴത്തെ ഈ ജയിൽവാസം സാക്ഷാൽ സാഹിത്യത്തിനു വേണ്ടിയത്രേ ! രാഷ്ട്രീയവുമുണ്ട്. ഓർത്തപ്പോൾ ശകലം അഭിമാനമൊക്കെ തോന്നി'' – ആരാണ് ഇങ്ങനെ ചിന്തിക്കുന്നത് ? വിശദമാക്കുക.

12) ഭാഷ എന്നാൽ എന്ത് ? വിശദീകരിക്കുക.

13) ''ഏത് അധിനിവേശങ്ങൾക്ക് പിന്നിലാണ് ഇത്തരം ക്രൂരതകൾ ഇല്ലാതിരുന്നിട്ടുള്ളത് '' – ആരുടെ വാക്കുകളാണിത് ? എന്തൊക്കെയായിരുന്നു ക്രൂരതകൾ ?

14) വൈരുദ്ധ്യങ്ങളുടെ നടുവിൽ അടഞ്ഞു കിടക്കുന്ന സത്യകവാടങ്ങളെ തുറന്നു തരുന്ന കവിത''യാണ് 'വൃക്ഷവൃത്താന്തം' – ചർച്ച ചെയ്യുക.

15) സ്നേഹം കൊതിക്കുന്ന സ്ത്രീയുടെ മനസ്സ് ദേവു എന്ന കഥാപാത്രത്തിലൂടെ ആവിഷ്കരിക്കുന്നതെങ്ങനെ ?

16) കല്ലായിയെക്കുറിച്ചുള്ള മാമുക്കോയയുടെ സ്മരണകളിൽ ചരിത്രവും പ്രകൃതിയും ഇടകലരുന്നു. – വിശദമാക്കുക.

IV. **മുന്നൂറു** വാക്കിൽ കവിയാതെ **മൂന്നെണ്ണത്തിന്** ഉത്തരമെഴുതുക : **(4×3=12 വെയിറ്റേജ്)**

17) സ്വാതന്ത്ര്യസമര ചരിത്രത്തിലെ ഹൃദയഹാരിയായ ഒരു സംഭവം ഭാവപൂർണ്ണമായി ആവിഷ്കരിച്ച നാടകമാണ് 'അധിനിവേശത്തിന്റെ ആസുരവഴികൾ' – ഉപന്യസിക്കുക.

18) മാതൃഭാഷ, രാഷ്ട്രഭാഷ എന്നിവയെക്കുറിച്ച് വിവരിക്കുക.

19) ബഷീറിന്റെ രചനാശൈലി 'മതിലുകൾ' എന്ന നോവലിനെ ആസ്പദമാക്കി ചർച്ച ചെയ്യുക.

20) ശുദ്ധമായ ഫലിതബോധവും സാരള്യവുമാണ് മാമുക്കോയയുടെ ജീവിത വർത്തമാനത്തിന്റെ കാതൽ – പ്രതിപാദിക്കുക.

______________